**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5798 03.11.2016 -ലെ മറുപടിക്ക്.

**ആർ.എസ്.ബി.വൈ.ഇൻഷ്വറൻസ് പദ്ധതി**

**ചോദ്യം**
**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**

**മറുപടി**
**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് പുതുക്കി നൽകുകയാണ് ചെയ്തു വരുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പുതുതായി ആളുകളെ ചേർക്കുന്ന നടപടിക്രമങ്ങൾ എന്നു മുതൽ ആരംഭിക്കും; ഇത് സംബന്ധിച്ച് സ്വീകരിച്ച പുതിയ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്ത മാക്കുമോ; | (എ) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് എല്ലാ വർഷവും ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ ഇൻഷ്വറൻസ് പുതുക്കുവാനും ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ കാലയളവിൽ പുതുതായി ആളുകളെ ചേർക്കുവാനും ഉള്ള അവസരം നൽകിവരുന്നു. 2016 കലണ്ടർ വർഷത്തിൽ മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ഇൻഷ്വറൻസ് പുതുക്കുവാനുള്ള അവസരവും അതാതു വാർഡ് തലത്തിൽ പ്രത്യേകം പുതുക്കൽ കേന്ദ്രങ്ങൾ ഒരുക്കി നൽകിയിരുന്നു. ഇതുവരെ പ്രസ്തുത പദ്ധതിയിൽ അംഗമാകാത്തവർക്കായി ഈ വർഷം സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 7 വരെ അക്ഷയ കേന്ദ്രം വഴി 2016-17 സാമ്പത്തിക വർഷത്തിലേക്ക് ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള പേര് ചേർക്കാനുള്ള അവസരം നൽകിയിരുന്നു. |
| (ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗബാധിതരായവർക്ക് പുതിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികളിൽ ചേരാൻ നിലവിൽ സാധിക്കുമോ; വിശദമാക്കുമോ? | (ബി) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതി പ്രകാരം ബി.പി.എൽ., എ.പി.എൽ. വ്യത്യാസം ഇല്ലാതെ റേഷൻ കാർഡിൽ മാസവരുമാനം 600/- രൂപയോ അതിൽ താഴെയോ ആയവർക്ക് രോഗബാധിതർ എന്ന വ്യത്യാസം ഇല്ലാതെ പ്രസ്തുത പദ്ധതിയിൽ അംഗമാകാവുന്നതാണ്. കൂടാതെ ഈ ആനുകൂല്യം ലഭിക്കുന്ന വിഭാഗത്തിൽപ്പെടുന്ന-വരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

ബി) പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി കുടുംബങ്ങൾ.

സി) താഴെ പറയുന്ന ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപ്പെടുന്ന കുടുംബങ്ങൾ:

1. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്
2. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്
3. കയർ/കൈത്തറി/തയ്യൽ/ബീഡി/ഈറ്റ-പനമ്പ്, കാട്ടുവള്ളി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് ക്ഷേമനിധി ബോർഡ്

ഡി) താഴെപ്പറയുന്ന ക്ഷേമ പദ്ധതികളിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപ്പെടുന്ന കുടുംബങ്ങൾ:

1. അലക്ക്/ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി
2. കൈത്തൊഴിലാളി/വിദഗ്ധതൊഴിലാളി ക്ഷേമ പദ്ധതി

ഇ) താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്നവർ:

1. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
3. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്

എഫ്) മറ്റ് വിഭാഗങ്ങൾ:

1. ആശ്രയ കുടുംബങ്ങൾ
2. അംഗനവാടിത്തൊഴിലാളികൾ/സഹായികൾ.
3. എൻഡോസൾഫാൻ ദുരിതബാധിതർ
4. ആശ വർക്കേഴ്സ്
5. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 15 ദിവസമെങ്കിലും പണിയെടുത്തവർ
6. ഷോപ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയം തൊഴിൽ ചെയ്യുന്നവർ
7. കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ
8. വീട്ടുവേലക്കാർ
9. കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ
10. മരം കയറ്റത്തൊഴിലാളികൾ
11. തെരുവ് കച്ചവടക്കാർ
12. കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട കുടുംബങ്ങൾ
13. വികലാംഗർ ഉൾപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾ
14. 2008 ലെ അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് - പെൻഷൻ ഫണ്ട് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർ
15. ടാക്സി ഓട്ടോറിക്ഷ ഡ്രൈവർമാർ
16. സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും വാർദ്ധക്യകാല പെൻഷൻ/വിധവാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല )
17. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ (റേഷൻ കാർഡോ വരുമാന പരിധിയോ

ബാധകമല്ല)

18. എച്ച്.ഐ.വി. ബാധിതർ
19. ആക്രി/പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ
20. ശുചീകരണ തൊഴിലാളികൾ
21. പാറമട തൊഴിലാളികൾ
22. റിക്ഷ വലിക്കുന്നവർ

**സെക്ഷൻ ഓഫീസർ**